بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 11.01.2019 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*11.01.2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**ഹദ്റത്ത് ഖല്ലാദ് ബിൻ അമർ ബിൻ ജമൂഹ് അൻസാരി(റ), ഹദ്റത്ത് ഉഖ്ബ ബിൻ ആമർ (റ) എന്നീ നബി (സ) തിരുമേനിയുടെ ബദരീ സഹാബാക്കളുടെ വിശ്വാസം തുളുമ്പുന്ന സംഭവങ്ങളുടെഹൃദ്യവും മനോഹരവുമായ വിവരണം. അമേരിക്കയിലെ ഒരു പഴയ ഭക്തയായ അഹ്മദിയും മർഹൂം അഹ്മദ് ശഹീദ് സാഹിബിന്റെ പത്നിയുമായ സിസ്റ്റർ ആലിയ ശഹീദ് സാഹിബയുടെ അനുസ്മരണം.**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹുദും തഅവുദും സൂറ: ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ തിരുമനസ്സ് പറയുകയുണ്ടായി:

ഹദ്റത്ത് ഖല്ലാദ് ബിൻ അമർ ബിൻ ജമൂഹ് അൻസാരി, ബദ്‌രീങ്ങളിൽ അംഗമായിരുന്ന ഒരു സഹാബിയാണ്. അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് അമർ ബിൻ ജമൂഹ്, സഹോദരൻമാർ ഹദ്റത്ത് മഅ്ആദ്, ഹദ്റത്ത് അബൂ അയ്മൻ, ഹദ്റത്ത് മഅവസ് എന്നിവരോടൊപ്പം ബദർ യുദ്ധത്തിൽ പങ്കെടുത്തു. ബദർ യുദ്ധത്തിനായി പുറപ്പെട്ട നബി(സ) തിരുമേനി, തന്റെ സൈന്യത്തോടൊപ്പം മദീനയ്ക്ക് പുറത്ത് സുഖിയാഅ് എന്നൊരു സ്ഥലത്ത് തമ്പടിച്ചു.

ഹദ്റത്ത് ഖല്ലാദ് പറയുന്നു: റസൂൽ കരീം (സ) (ആ സ്ഥലത്തിന്റെ) ഹുസയ്ഖഎന്ന നാമം മാറ്റി സുഖിയാഅ് എന്ന് വെച്ചിരുന്നു. ആ സ്ഥലം വിലയ്ക്ക് വാങ്ങാൻ എന്റെഹൃദയത്തിൽ ആഗ്രഹം ജനിച്ചു. എന്നാൽ എനിയ്ക്ക് മുമ്പ് ഹദ്റത്ത് സഅദ് ബിൻ വഖാസ് ആ സ്ഥലം രണ്ട് ഒട്ടകങ്ങൾ വിലയായി നല്കി സ്വന്തമാക്കി. നബി (സ) തിരുമേനിയുടെ സവിധത്തിൽ ഇതിനെ കുറിച്ച് പറയപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു: അദ്ദേഹത്തിന്റെ കച്ചവടം വളരെയധികം ലാഭകരമാണ്.

ഖല്ലാദും അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് അമർ ബിൻ ജമൂഹ്, സഹോദരൻ അബൂഅയ്മൻ ഈ മൂവരും ഉഹദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. അതിൽ അവർ ശഹാദത്ത് വരിച്ചു. ഹദ്റത്ത് ഖല്ലാദിന്റെ പിതാവ് അമർ ബിൻ ജമൂഹിനെ കുറിച്ച് പറയപ്പെടുന്നു: ബദറിന്റെ അവസരത്തിൽ നബി(സ)തിരുമേനി ജഹാദിനെ സംബന്ധിച്ചുള്ള വിളംബരം നടത്തി. എന്നാൽ അമറിന്റെ കാലുകൾക്ക് സ്വാധീനകുറവ് ഉള്ളതിനാൽ അദ്ദേഹത്തിന്റെ മക്കൾ യുദ്ധത്തിൽ പങ്കെടുക്കുന്നതിൽ നിന്ന് അദ്ദേഹത്തെ തടഞ്ഞു. എന്നാൽ ഉഹദ് യുദ്ധസമയത്ത് അമർ തന്റെ മക്കളോടായി പറഞ്ഞു: നിങ്ങൾ എനിക്ക് ബദറിൽ പങ്കെടുക്കാൻ സമ്മതം നല്കിയില്ല. ഇപ്പോൾ ഉഹദിന്റെ സന്ദർഭമാണ്. അതിൽ നിന്ന് തടയാൻ നിങ്ങൾക്ക് സാധിക്കില്ല. തീർച്ചയായും ഞാൻ പോകുകയും ഉഹദിൽ പങ്കെടുക്കുകയും ചെയ്യുന്നതാണ്. അങ്ങനെ അദ്ദേഹം നബി (സ) തിരുമേനിയുടെ സമക്ഷം ഹാജറായി. എന്നിട്ട് പറഞ്ഞു: എന്റെ സന്താനങ്ങൾ ഇത്തവണയും എന്നെ ജിഹാദിൽ നിന്ന് തടയാൻ ശ്രമിക്കുന്നു. ഞാൻ അങ്ങയോടൊപ്പം ജിഹാദിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നു. അല്ലാഹുവാണ സത്യം, എന്റെ ഹൃദയാഭിലാഷം അല്ലാഹുസ്വീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എനിക്ക് ശഹാദത്ത് നല്കുകയും ഞാൻ എന്റെ സ്വാധീനമില്ലാത്ത കാലുകളുമായി സ്വർഗത്തിൽ പ്രവേശിക്കുകയുംചെയ്യുന്നതാണ്.

നബി(സ)തിരുമേനി പറഞ്ഞു, അല്ലയോ അമർ! നിസംശയം അല്ലാഹു നിന്റെ ദൗർബ്ബല്യത സ്വീകരിച്ചിരിക്കുന്നു. നിനക്ക് മേൽ ജിഹാദ് നിർബന്ധമല്ല. ശേഷം അദ്ദേഹത്തിന്റെ സന്താനങ്ങളോട്(അവിടുന്ന്) പറഞ്ഞു: അദ്ദേഹം നന്മ ചെയ്യുന്നത് നിങ്ങൾ തടയാതിരിക്കുക. അദ്ദേഹത്തിന്റെ ഹൃദയാഭിലാഷം അപ്രകാരമെങ്കിൽ അത് പിന്നെ പൂർത്തിയാക്കട്ടെ. ഒരുപക്ഷേ, അല്ലാഹു അദ്ദേഹത്തിന് ശഹാദത്ത് (സ്ഥാനം) നല്കിയേക്കാം. അങ്ങനെ ഹദ്റത്ത് അമർ ആയുധങ്ങൾ കൈകളിലേന്തി, ഇപ്രകാരം ദുആ ചെയ്തുകൊണ്ട് ഉഹദിന്റെ മണ്ണിലേയ്ക്ക് പുറപ്പെട്ടു.

അല്ലാഹുമ്മ അർസുഖ്നി ശഹാദത്തൻ
വലാ തറുദ്ദനീ ഇലാ അഹ്‌ലിഖാഇബാ

അല്ലാഹുവേ! എനിയ്ക്ക് ശഹാദത്ത് നല്കിയാലും എന്റെ ഭവനത്തിലേയ്ക്ക് പരാജിതനും അപമാനിതനുമാക്കി എന്നെ മടക്കി അയക്കരുതേ. അദ്ദേഹത്തിന്റെ ദുആകൾക്ക് അല്ലാഹു സ്വീകാര്യത നല്കി. അദ്ദേഹം അവിടെ(ഉഹദിൽ) ശഹാദത്ത് സ്ഥാനം കരസ്ഥമാക്കി. ഹദ്റത്ത് ഖല്ലാദിന്റെ മാതാവ് ഹിന്ദ് ബിന്ത് അമർ ഹദ്റത്ത് ജാ

ബിർ ബിൻ അബ്ദുല്ലായുടെ പിതൃസഹോദരിയായിരുന്നു. ഉഹദ് യുദ്ധത്തിൽ ഹദ്റത്ത് ഹിന്ദ്, തന്റെ ഭർത്താവിന്റെയും മകന്റെയും സഹോദരന്റെയും ശഹാദത്തിന് ശേഷം അവരെ ഒട്ടകപ്പുറത്ത് വച്ചു. പിന്നീട് അവരെ സംബന്ധിച്ച് കല്പനയുണ്ടായപ്പോൾ അതനുസരിച്ച് അവരെ ഉഹദിലേയ്ക്ക് തിരിച്ച് കൊണ്ട് പോയി. അങ്ങനെ അവിടെ, ഉഹദിന്റെ മണ്ണിൽ അവരെ മറവ്ചെയ്യ്തു.

ആ സംഭവത്തിന്റെ വിശാദാംശങ്ങൾ വിവരിച്ച് കൊണ്ട് ഹുസൂർ തിരുമനസ്സ് പറയുന്നു: ഹദ്റത്ത് ആയിശ ഉഹദ് യുദ്ധവിശേഷങ്ങൾ അറിയുന്നതിനായി മദീനയിലെ സ്ത്രീകൾക്കൊപ്പം വീട്ടിൽ നിന്ന് പുറത്തിറങ്ങി. അവർ ഹറ എന്ന സ്ഥത്ത് എത്തിയപ്പോൾ ഹദ്റത്ത് ഹിന്ദ് ബിന്ത് അമറിനെ അവിടെവെച്ച് അവർ കണ്ടുമുട്ടി. തന്റെ ഒട്ടകത്തിനെ അവർ വലിച്ച് കൊണ്ട് വരികയായിരുന്നു. ആ ഒട്ടകപ്പുറത്ത് അവരുടെ ഭർത്താവ് ഹദ്റത്ത് അമർ ബിൻ ജമൂഹ്, മകൻ ഹദ്റത്ത് ഖല്ലാദ് ബിൻ അമർ, പിന്നെ സഹോദരൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അമർ എന്നിവരുടെ മൃതശരീരങ്ങൾ ഉണ്ടായിരുന്നു. ഹദ്റത്ത് ആയിശ ചോദിച്ചു: നിങ്ങൾ പിന്നിലാക്കി വന്നവരുടെ അവസ്ഥകളെ സംബന്ധിച്ച് വല്ല വാർത്തയും നിങ്ങൾക്ക് അറിയാമോ? അതിൽ ഹദ്റത്ത് ഹിന്ദ് മറുപടി നല്കി: റസൂൽ (സ) തിരുമേനി സുരക്ഷിതനാണ്. നബി(സ) തിരുമേനി സുരക്ഷിതമെങ്കിൽ എല്ലാ പ്രയാസവും ലഘൂകരിക്കപ്പെടുന്നതാണ്. അതായത് അവിടുന്ന് സുരക്ഷിതനാണെങ്കിൽ പിന്നെ യാതൊരു (പ്രയാസവും) ഉണ്ടാകുകയില്ല.

ഹദ്റത്ത് ആയിശ അവരോട് ഒട്ടകപ്പുറത്ത് ആരെല്ലാമാണെന്ന് അന്വേഷിച്ചു. ഹദ്റത്ത് ഹിന്ദ് പറഞ്ഞു: എന്റെ സഹോദരനും എന്റെ മകൻ ഖല്ലാദും പിന്നെ എന്റെ ഭർത്താവ് അമർ ബിൻ ജമൂഹും ആണ്. ഹദ്റത്ത് ആയിശ അവരെ എങ്ങോട്ട് കൊണ്ടു പോകുന്നുവെന്ന് അന്വേഷിച്ചു. അവർ പറഞ്ഞു: മദീനയിലേയ്ക്ക്,(ഇവരെ) മറവ് ചെയ്യുന്നതിനായി കൊണ്ടുപോകുകയാണ്. പിന്നെ അവർ ഒട്ടകത്തെ ആനയിക്കാൻ തുടങ്ങി. എന്നാൽ ഒട്ടകം അവിടെതന്നെ ഭൂമിയിൽ ഇരുന്നു. അവർ ഒട്ടകത്തെ വഴക്ക് പറഞ്ഞപ്പോൾ അത് എഴുന്നേറ്റു. എന്നാൽ അവർ അതിനെ മദീനയിലേയ്ക്ക് തിരിച്ചപ്പോൾ അത് വീണ്ടും ഇരുന്നു. പിന്നെ അതിനെ ഉഹദിന്റെ ഭാഗത്തേയ്ക്ക് തിരിച്ചപ്പോൾ അത് വേഗത്തിൽ നടക്കാൻ തുടങ്ങി. അങ്ങനെ ഹദ്റത്ത് ഹിന്ദ് നബി(സ) തിരുമേനിയുടെ സവിധത്തിൽ ഹാജറായി. നബി(സ) തിരുമേനിയുടെ മുന്നിൽ സംഭവം വിവരിച്ചു. നബി(സ) പറഞ്ഞു: ഈ ഒട്ടകത്തെ നിയോഗിക്കപ്പെട്ടിരിക്കുന്നു. എന്നിട്ട് നബി(സ)തിരുമേനി പറഞ്ഞു: അല്ലയോ ഹിന്ദ്! അമർ ബിൻ ജമൂഹും നിന്റെ മകൻ ഹല്ലാദും നിന്റെ സഹോദരൻ അബ്ദുല്ലായും പരസ്പരം മിത്രങ്ങളായി സ്വർഗത്തിൽ കഴിയുന്നു. അപ്പോൾ ഹിന്ദ് അപേക്ഷിച്ചു: അല്ലാഹുവിന്റ റസൂലേ! അവരുടെ സൗഹൃദത്തിൽ എത്തിചേരുന്നതിനായി എനിക്ക് വേണ്ടി ദുആ ചെയ്താലും.

രണ്ടാമത്തെ സഹാബി, ഹദ്റത്ത് ഉഖ്ബ ബിൻ ആമിർ, അദ്ദേഹത്തെ കുറിച്ചുള്ള വിവരമാണ് അടുത്തത്. അദ്ദേഹത്തിന്റെ മാതാവിന്റെ പേര്, ഫുഖയ്ഹ ബിൻ സകൻ എന്നും പിതാവിന്റെ പേര് ആമിർ ബിൻ നാബി എന്നുമാകുന്നു. ഏറ്റവുമാദ്യം മക്കയിൽ വന്ന് വിശ്വസിച്ച ആറ് അൻസാരികളിൽ ഹദ്റത്ത് ഉഖ്ബ ബിൻ ആമിറും ഉൾപ്പെടുന്നു. ആ ആറ് വ്യക്തികളുടെ പേരുകൾ ഇപ്രകാരമാണ്; അബൂ ഉമാമ അസദ് ബിൻ സറാറ, അദ്ദേഹം ബനൂ നജാർഗോത്രത്തിൽ പെട്ടയാളാണ്. സാക്ഷ്യപ്പെടുത്തുന്നതിൽഅദ്ദേഹം പ്രഥമസ്ഥാനി ആയിരുന്നു. ഔഫ് ബിൻ ഹാരിസ്, അദ്ദേഹത്തിന് നബി (സ) തിരുമേനിയുടെപിതാമഹൻ, അബ്ദുൽ മുത്തലിബിന്റെ മാതൃഗോത്രവുമായിട്ടാണ് ബന്ധം. റാഫിഅ് ബിൻ മാലിക്ക് അദ്ദേഹം ബനൂസുറൈഖ്ഗോത്രത്തിൽ ഉൾപ്പെടുന്നു. അതുവരെ അവതരിച്ച വിശുദ്ധ ഖുർആൻ ആ അവസരത്തിൽ നബി (സ) തിരുമേനി അദ്ദേഹത്തിന് നല്കി. ഖുത്ബ ബിൻ ആമിർ, അദ്ദേഹം ബനീ സൽമ ഗോത്രത്തിൽ ഉൾപ്പെടുന്നു. ഉഖ്ബ ബിൻ ആമിർ അദ്ദേഹം ബനീ ഹറാമിൽ ഉൾപ്പെടുന്നു. പിന്നെ ജാബിർ ബിൻ അബ്ദുല്ലാഹ് ബിൻ റിയാബ് അദ്ദേഹം ബനീ ഉബൈദിൽപ്പെട്ടയാളാണ്. അതിനുശേഷം അവർ നബി(സ) തിരുമേനിയിൽ നിന്ന് യാത്രാമൊഴി വാങ്ങി. വിട പറയുന്ന അവസരത്തിൽ പറഞ്ഞു: ഞങ്ങളെ ആഭ്യന്തരയുദ്ധം വളരെ ബലഹീനതരാക്കി മാറ്റിയിരിക്കുന്നു. ഞങ്ങളുടെ ഇടയിൽ വളരെയധികം അഭിപ്രായഭിന്നതകളുണ്ട്. ഞങ്ങൾ യസ്രിബിൽചെന്ന് ഞങ്ങളുടെ സഹോദരങ്ങളിൽ ഇസ്ലാം പ്രചരിപ്പിക്കുന്നതാണ്. അല്ലഹു അത് മൂലം ഞങ്ങളെ വീണ്ടും ഒരുമിപ്പിക്കില്ലെന്ന് ആരറിഞ്ഞു. പിന്നെ ഞങ്ങൾ എല്ലാവിധേനയും അങ്ങയുടെ സഹായത്തിനായി തയ്യാറാകുന്നതാണ്. അങ്ങനെ അവർ യാത്രയായി. അതുമുഖേന യസ്രിബിൽ ഇസ്ലാമിനെ കുറിച്ചുള്ള ചർച്ച നടക്കാൻ തുടങ്ങി.

ആ വർഷം യസ്രിബിലുള്ളവരുടെ പ്രത്യക്ഷ സാഹചര്യങ്ങളെ മുൻനിർത്തി ഒരു ഉത്കണ്ഠയുടെയും ആശങ്കയുടെയും അവസ്ഥയിലാണ് നബി (സ) തിരുമേനി മക്കയിൽ കഴിച്ച് കൂട്ടിയത്. അവിടുന്ന് അധികവുംചിന്തിച്ചിരുന്നത്, അവരുടെ അവസാനം എന്താകുമെന്നും യസ്രിബിൽ വിജയത്തിന്റെ വല്ല പ്രതീക്ഷയും ഉണ്ടോ അതോ ഇല്ലേ? എന്നുമായിരുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ആ ദിനങ്ങളിൽ മക്കകാരുടെ പീഢനങ്ങൾ ദിവസം കഴിയുന്തോറും വർദ്ധിച്ച് വരികയായിരുന്നു. ഇസ്ലാമിനെ ഇല്ലായ്മ ചെയ്യാൻ ഇതായിരുന്നു ഉചിതമായ സമയമെന്ന് അവർശരിക്കും മനസിലാക്കിയിരുന്നു. ഇതിലും വലിയ ഒരു ആപൽഘട്ടം ഇസ്ലാമിനുണ്ടായിട്ടില്ല. എന്നാൽ ആ നിർണായക അ

വസരത്തിലും നബി (സ) തിരുമേനിയും അങ്ങയുടെ ആത്മാർത്ഥരായ സഹാബത്തും ഒരു ശക്തമായ പാറ പോലെ അവരുടെസ്ഥാനങ്ങളിൽ ഉറച്ച് നിന്നു. ഈ വ്യക്തി എത്രമാത്രം മനഃശ്ശക്തിയ്ക്ക് ഉടമയാണെന്നും ഒരു വസ്തുവിനും അദ്ദേഹത്തെ തന്റെസ്ഥാനത്ത് നിന്ന് ഇളക്കാൻ സാധിക്കുകയില്ലായെന്ന് (മനസിലാക്കുകയും)അതുപോലെ അങ്ങയുടെ ഈ ദൃഢനിശ്ചയവുംസ്ഥിരചിത്തതയുംചില സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ എതിരാളികളെ പോലും അത്ഭുതത്തിൽ ആഴ്ത്തി. എന്നുമാത്രമല്ല ആ കാലഘട്ടത്തിൽ നബി (സ) തിരുമേനിയുടെ വാക്കുകളിൽ ഒരു പ്രത്യേക പ്രഭാവത്തിന്റെയും പ്രതാപത്തിന്റയും അവസ്ഥ നിഴലിച്ചിരുന്നു. നബി(സ)തിരുമേനി സംസാരിക്കുമ്പോഴൊക്കെ വലിയ പ്രതാപവും പ്രൗഢിയും പ്രകടമായിരുന്നു. പ്രശ്നങ്ങളുടെ അതിശക്തമായ കൊടുംകാറ്റിൽ പോലും അവിടുന്ന് തന്റെ ശിരസ്സ് ഉയർത്തി പിടിച്ചു. ഈ ദൃശ്യം ഒരു വശത്ത് ഖുറൈശികളെ അത്ഭുതപ്പെടുത്തിയെങ്കിൽ മറുവശത്ത് അവരുടെഹൃദയങ്ങളെ പ്രകമ്പനം കൊള്ളിച്ചു. ആ സമയത്തെ കുറിച്ച് സർ വില്യം മ്യൂറും എഴുതിയിരിക്കുന്നു:

ആ ദിവസങ്ങളിൽ മുഹമ്മദ് (സ) തിരുമേനി തന്റെ സമൂഹത്തിന്റെ മുന്നിൽ, ചില സന്ദർഭങ്ങളിൽ ചലിക്കണമെന്ന വിചാരം പോലും ഇല്ലാത്ത മട്ടിൽ നെഞ്ചും വിരിച്ച് നിന്നു. തന്റെ അന്ത്യം വിജയമായിരിക്കുമെന്ന ദൃഢവിശ്വാസത്തിൽ ഉറച്ച് നിന്നുവെങ്കിലും പ്രത്യക്ഷത്തിൽ നിസഹായകരും നിരാലംബരുമായി അദ്ദേഹത്തിന്റെ ആ ചെറിയ സമൂഹം, (അവരുടെ അവസ്ഥ)സിംഹത്തിന്റെ മുന്നിൽ പെട്ടത് പോലെ ആയിരുന്നു. എന്നാൽ അദ്ദേഹത്തെ റസൂലായി നിയോഗിച്ച ആ ദൈവത്തിന്റെ സഹായവാഗ്ദാനങ്ങളിൽ (അവർ)പരിപൂർണ വിശ്വാസം വെച്ച് പുലർത്തിയിരുന്നു. മുഹമ്മദ് (സ) തിരുമേനി ഒരു നിശ്ചയദാർഢ്യത്തോടെ യാതൊരു വസ്തുവിനും ഇളക്കാൻ സാധിക്കാത്ത വിധം തന്റെ സ്ഥലത്ത് ഉറച്ച് നിന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: എല്ലാ തരത്തിലും ഇസ്‌ലാമിന് അതൊരു നിർണായക മുഹൂർത്തമായിരുന്നു. മക്കാവാസികളുടെ ഭാഗത്ത് നിന്നുള്ള നിഷ്ഫലത പൂർണമായി കഴിഞ്ഞിരുന്നു. എന്നാൽ മദീനയിൽ പ്രതീക്ഷയുടെ കിരണം തെളിയുന്നുണ്ടായിരുന്നു. ബൈഅത്ത് ചെയ്ത് പോയവർ മുഖേന നബി(സ)തിരുമേനി, വലിയ ശ്രദ്ധയോടെ അവിടെയ്ക്ക് ദൃഷ്ടി പതിപ്പിച്ചു. മദീനയും മക്ക, തായിഫ് എന്നിവപോലെ അങ്ങയെ നിഷേധിക്കുമോ അതോ അതിന്റെ ഭാഗ്യം മറ്റൊരു തരത്തിൽ വിധിക്കപ്പെട്ടിട്ടുണ്ടോ?എന്ന് നോക്കുകയായിരുന്നു. അങ്ങനെ ഹജ്ജിന്റെ സമയവും ആഗതമായി, അവിടുന്ന് വലിയ ആവേശത്തോടെ തന്റെ ഭവനത്തിൽ നിന്ന് പുറത്ത് വന്നു. മിനായുടെ ഭാഗത്തുള്ള അഖ്ബ എന്ന സ്ഥലത്ത് എത്തി, അവിടെയിവിടെ തന്റെ ദൃഷ്ടി പായിച്ചു. അങ്ങയുടെ ദൃഷ്ടിയിൽ പെട്ടെന്ന് യസ്‌രിബ് വാസികളുടെ ഒരു ചെറുസംഘം പതിഞ്ഞു. അവരും അങ്ങയെ വേഗത്തിൽ തരിച്ചറിഞ്ഞു. അങ്ങേയറ്റംസ്നേഹത്തോടും ആത്മാർത്ഥയോടുംകൂടിമുന്നോട്ട് വന്ന് അങ്ങയെ ദർശിച്ചു. ഇത്തവണ ഇവർ പന്ത്രണ്ട് പേരുണ്ടായിരുന്നു. അതിൽ അഞ്ച് പേർ കഴിഞ്ഞ വർഷം സാക്ഷ്യപ്പെടുത്തിയവരാണ്-ഏഴ് പുതിയ ആളുകൾ-(അവർ)ഔസ്,ഹദ്റജ് എന്നീ രണ്ട് ഗോത്രങ്ങളിലും പെട്ടവരായിരുന്നു. ഹദ്റത്ത് ഉഖ്ബ ബിൻ ആമിറും ഈ സംഘത്തിലെ ഒരുഅംഗമായിരുന്നു.

നബി(സ)തിരുമേനി ജനസമൂഹത്തിൽ നിന്ന് മാറി, ഒരു താഴ്വരയിൽവെച്ച് ഇവരുമായി കൂടികാഴ്ച നടത്തി. അവർ യസ്‌രിബിന്റെ (ഇപ്പോഴത്തെ) അവസ്ഥ അറിയിച്ചു. ഇത്തവണ എല്ലാവരും വ്യവസ്ഥാപിതമായി അങ്ങയുടെ തിരുകരങ്ങളിൽ ബൈഅത്ത് ചെയ്തു. ഈ ബൈഅത്ത് മദീനയിൽ ഇസ്‌ലാംമത സംസ്ഥാപനത്തിന്റെ അടിസ്ഥാനശില ആയിരുന്നു. ബൈഅത്തിന് ശേഷം നബി (സ) തിരുമേനി പറഞ്ഞു: നിങ്ങൾ സത്യസന്ധതയോടും ആത്മാർത്ഥയോടുംകൂടി ഈ പ്രതിജ്ഞയിൽ ഉറച്ച് നില്ക്കുന്നപക്ഷം നിങ്ങൾക്ക് സ്വർഗം ലഭിക്കുന്നതാണ്. ഇനി ബലഹീനത പ്രകടിപ്പിക്കുകയാണെങ്കിൽ നിങ്ങളുടെകാര്യം പിന്നെ അല്ലാഹുവിന്റെ കരങ്ങളിലാണ്. അവൻ എന്ത് വിചാരിക്കുന്നുവോ അതുപോലെ പെരുമാറുന്നതാണ്.

ഈ ബൈഅത്ത് ചരിത്രത്തിൽ ഒന്നാംഅഖ്ബ ഉടമ്പടി എന്ന നാമത്തിൽ പ്രസിദ്ധമാണ്. കാരണം ബൈഅത്ത് വാങ്ങിയ ആ സ്ഥലത്തിന് പറയുന്നപേർഅഖ്ബ എന്നാണ്. അത് മക്കയ്ക്കും മിനായ്ക്കും ഇടയിലാണ് സ്ഥിതിചെയ്യുന്നു.അഖ്ബ എന്നാൽ ഉയർന്ന പർവ്വതമാർഗം എന്നാണ് അർഥം. മക്കയിൽ നിന്ന് പിരിഞ്ഞ് പോകവെ ഈ പന്ത്രണ്ട് നവമുസ്‌ലിങ്ങൾ ആരെയെങ്കിലും ഇസ്‌ലാമിന്റെ മുഅലിമായികൊണ്ട് അവരുടെ ഒപ്പം അയക്കണമെന്ന് അപേക്ഷിച്ചു. നബി (സ) തിരുമേനി അബ്ദുദാർഗോത്രത്തിലെ മുസഅബ് ബിൻ ഉമയർ, ഒരു ആത്മാർത്ഥനായ യുവാവായിരുന്നു. അദ്ദേഹത്തെ അവരോടൊപ്പം അയച്ചു.

ഹുസൂർതിരുമനസ്സ് പറയുന്നു: രണ്ടാംഅഖ്ബ ഉടമ്പടി 13 നബവിയിൽ നടന്നു.അതിൽ എഴുപത് അൻസാർ (സഹോദരൻമാർ) പങ്കെടുത്തു. ഹദ്റത്ത് ഉഖ്ബ ബിൻ ആമിർ ബദർ, ഉഹദ്, ഹന്തഖ് ഉൾപ്പടെഎല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തു. അദ്ദേഹം ഉഹദ് ദിവസം, സേനയിൽ പച്ചനിറത്തിലുള്ള വസ്ത്രം ധരിച്ചിതിനാൽ വേറിട്ട് കാണപ്പെട്ടു.അദ്ദേഹം ഹദ്റത്ത് അബൂബക്കറിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ, 12 ഹിജ്റിയിൽ യമാമ യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു.

ഹദ്റത് ഉഖ്ബ ബിൻ ആമിർ നിവേദനം ചെയ്യുന്നു, ഞാൻ എന്റെ മകനെയുംകൊണ്ട് നബി(സ) തിരുമേനിയുടെ സവിധത്തിൽ ഹാജറായി. അപ്പോൾ അവന് ഒൻപ

ത് വയസ്സ് പ്രായമായിരുന്നു. ഞാൻ പറഞ്ഞു: എന്റെ മാതാപിതാക്കൾ അങ്ങയുടെ മേൽ ബലിയായിരിക്കട്ടെ! അല്ലാഹുവിനോട് ദുആ ചെയ്യേണ്ടവിധം എന്റെ മകനെ ദുആ പഠിപ്പിച്ചാലും. അങ്ങനെ അവന്റെമേൽ അനുകമ്പ കാണിച്ചാലും.അവിടുന്ന് പറഞ്ഞു: അല്ലയോ ബാലകനെ! നീ പറയുക: അല്ലാഹുമ്മ ഇന്നി അസ്അവുക്ക സിഹത്തൻ ഫി ഈമാനി വ ഈമാനൻ ഫി ഹുസ്നി ഖുൽഖിൻ വ സലാഹൻ യത്ബഅഹു നജാഅ്.

അല്ലാഹുവേ! ഞാൻ നിന്നോട് ഈമാനിൽ സുസ്ഥിരത ചോദിക്കുന്നു. ഈമാനോടൊപ്പം ധാർമീകമൂല്യങ്ങൾക്കായി ദുആയും ചെയ്യുന്നു. പരിഷ്കരണത്തിനു ശേഷം വിജയവും പ്രതീക്ഷിക്കുന്നു.അല്ലാഹു ഈ സഹാബാക്കളുടെ പദവികൾ ഉയർത്തി കൊണ്ടിരിക്കട്ടെ.

ഹുസൂർതിരുമനസ്സ് പറയുന്നു: ഇതിനുശേഷം ഞാൻ അമേരിക്കയിലെ ഒരു പഴയ ഭക്തയായ അഹ്മദിയെ കുറിച്ച് സ്മരിക്കുന്നതാണ്. അവരുടെ ജനാസ നമസ്കാരവും നിർവഹിക്കുന്നതാണ്. അവരുടെ പേര്, സിസ്റ്റർ ആലിയ ശഹീദ് സാഹിബ എന്നാണ്. മർഹൂം അഹ്മദ് ശഹീദ് സാഹിബിന്റെ ഭാര്യയാണ്. ഡിസംബർ 26 ന് അവർ വഫാത്തായി. അല്ലാഹു അവർക്ക് നീണ്ട ആയുസ്സ് നല്കി, (ജമാഅത്തിന്റെ) ജോലിചെയ്യാൻ തൗഫീഖും പ്രദാനം ചെയ്തു. ബലഹീനതയിൽ നിന്ന് രക്ഷിക്കുകയുംചെയ്തു. 105 വയസ്സ് പ്രായമുണ്ടായിരുന്നു. അല്ലാഹു അവരുടെ പദവി ഉയർത്തു മാറാകട്ടെ. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.

അമീർ സാഹിബ് അമേരിക്ക ഇവരെ കുറിച്ച് എഴുതുന്നു. 1936 ൽ അവർക്ക് ബൈഅത്ത് ചെയ്യാനുള്ള ഭാഗ്യം സിദ്ധിച്ചു. അവർക്ക് 1963 മുതൽ 1966 വരെ സദർ ലജ്ന അമേരിക്ക എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. അതുപോലെ പരേത ലജ്ന ഇമായില്ലാ അമേരിക്കയിൽ 50 വർഷം തുടർച്ചയായ ഒരു നീണ്ടകാലം ജനറൽ സെക്രട്ടറി, സെക്രട്ടറി മാൽ, സെക്രട്ടറി തഅ്ലീം, സെക്രട്ടറി ഖിദ്മത്തെ ഖൽഖ്, പ്രദേശിക സദർ ലജ്ന എന്ന നിലകളിൽ സേവനം ചെയ്യാൻ ഭാഗ്യം ലഭിച്ചു. എപ്പോഴും ജമാഅത്തിനോടും ഖിലാഫത്തിനോടും ആഴത്തിലുള്ള ബന്ധം നിലനിർത്തി. എല്ലാവിധ ത്യാഗത്തിനും എല്ലാസമയത്തും തയ്യാറായിരുന്നു. വളരെ അനുകമ്പയും സ്നേഹവുമുള്ള വനിതയായിരുന്നു. അല്ലാഹു അവരുടെ പദവികൾ ഉയർത്തു മാറാകട്ടെ. അവരുടെ സന്താനങ്ങളിലും അവരിൽ ഉണ്ടായിരുന്ന ദീനിസേവനത്തിന്റെ ആത്മാവും ആവേശവും ഉണ്ടാകട്ടെ.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُوْمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 11.01.2019
Malayalam Translation : **Hashim Ashraf,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516